## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2013 | 06.02.2019 ൽ മറുപടിക്ക്

### പ്രതിപക്ഷ നേതാവിനെതിരെ നവമാധ്യമങ്ങളിൽ കൂടി അപകീർത്തികരമായ പോസ്റ്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) പ്രതിപക്ഷനേതാവിനെതിരെ നവമാധ്യമങ്ങളിൽ കൂടി അപകീർത്തികരമായ പോസ്റ്റുകൾ പ്രസിദ്ധീകരിച്ചവർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് 01.03.2017 ൽ 544/പി.എസ്./എൽ.എ.പി/17 നമ്പരായി സംസ്ഥാന പോലീസ് മേധാവിക്ക് പരാതി ലഭിച്ചിരുന്നുവോ; | (എ) പരാതി ലഭിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (ബി) പ്രസ്തുത പരാതിയിന്മേൽ 15.03.2017 ൽ ഇൻസ്പെക്ടർ, ഹൈടെക് ക്രൈം ഇൻക്വയറി സെല്ലിന് അന്വേഷണത്തിന് നിർദ്ദേശം നൽകിയിരുന്നു. |
| (സി) പ്രസ്തുത ഫെയ്സ് ബുക്ക് പോസ്റ്റിന്റെ യു.ആർ.എൽ അയച്ചുതരുവാൻ യും ആവശ്യപ്പെട്ടുകൊണ്ട് 14.01.2019 ൽ ഡി7/35478/2017/ പി.എച്ച്.ക്യൂ. നമ്പർ കത്ത് യും പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക് അയച്ചിരുന്നുവോ; | (സി) (ഡി) കത്ത് അയച്ചിരുന്നു. 18.03.2017 – ൽ URL ലഭിക്കുന്നതിനായി പ്രതിപക്ഷനേതാവിന്റെ ഓഫീസിൽ ബന്ധപ്പെട്ടിട്ടും ആയത് ലഭിക്കാത്ത സാഹചര്യത്തിലാണ് 14.01.2019-ൽ കത്തയച്ചത്. |
| (ഡി) പരാതി നൽകി രണ്ട് വർഷമാകുമ്പോൾ ഇത്തരമൊരു കത്ത് നൽകിയത് നിലവിലുള്ള പോലീസ് സംവിധാനത്തിന്റെ കാര്യക്ഷമതയില്ലായ്മയല്ലേ കാണിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ